**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5007** **27.06.2019-ൽ മറുപടിക്ക്**

**<u>ബൈ ട്രാൻസ്ഫർ നിയമനത്തിലെ വിവേചനം</u>**

| **<u>ചോദ്യം</u>**<br><br>**ശ്രീ.പി.ഉബൈദുള്ള** | **<u>മറുപടി</u>**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിൽ സിവിൽ വിഭാഗത്തിൽ (ബിൽഡിംഗ്, റോഡ്) പ്പെട്ട തേർഡ് ഗ്രേഡ് ഓവർസിയർമാർക്ക് ഉയർന്ന തസ്തികകളിലേക്ക് പി.എസ്.സി. നടത്തുന്ന 10% ബൈ ട്രാൻസ്ഫർ നിയമനത്തിന് അപേക്ഷിക്കാമെന്നിരിക്കേ സമാനതസ്തികകളിൽ ജോലി ചെയ്യുന്ന പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിലെ ഓവർസിയർ (തേഡ് ഗ്രേഡ്)/ലൈൻമാൻ തസ്തികയിലുള്ളവർക്ക് അപേക്ഷിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യം പരിശോധിക്കുവാനും ബൈ ട്രാൻസ്ഫർ നിയമനം ഇലക്ട്രിക്കൽ വിഭാഗത്തിലെ ഓവർസിയർ/ ലൈൻമാൻ മാർക്കും ബാധകമാക്കുവാനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) ബൈട്രാൻസ്ഫർ നിയമനം ഇലക്ട്രിക്കൽ വിഭാഗത്തിലെ ഓവർസിയർ/ലൈൻമാൻ മാർക്കും കൂടി ബാധകമാക്കാൻ പൊതുമരാമത്ത് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ